പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1479

10-02-2020-ൽ മറുപടിക്ക്

**ചേലക്കര കേര ബയോ പാർക്ക് നിർമ്മാണ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച ചേലക്കര കേര ബയോ പാർക്ക് നിർമ്മാണ പ്രവൃർത്തികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | നബാർഡ് ആർ.ഐ.ഡി.എഫ്- XXII പദ്ധതിയിൽ ഉൾപ്പെട്ട ചേലക്കര കോക്കനട്ട് ബയോപാർക്ക് നിർമ്മാണ പ്രവൃത്തികളിൽ കമ്പിവേലി, ചുറ്റുമതിൽ സംരക്ഷണഭിത്തി നിർമ്മാണം, ഗേറ്റ് എന്നീ പ്രവൃത്തികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കോക്കനട്ട് ബയോപാർക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി പി.ഡബ്ല്യു.ഡി ബിൽഡിംഗ് വിഭാഗത്തെ ഏൽപ്പിക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബയോപാർക്കിന്റെ നിലവിൽ ഭരണാനുമതി നൽകിയ പ്രകാരമുള്ള മറ്റ് പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്യുവാൻ 19-11-2019 ൽ കൂടിയ മീറ്റിംഗിന്റെ തീരുമാന പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കെ.എൽ.ഡി.സി എഞ്ചിനീയർമാർ ഫാം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി കോക്കനട്ട് പാർക്കിനായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിലെ ആശയങ്ങൾക്ക് അനുസൃതമായ രീതിയിൽ ഒരു മാസ്റ്റർ പ്ലാൻ ഇൻസ്റ്റിയൽ പാർക്കിന്റെ മാതൃകയിൽ തയ്യാറാക്കേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരം കെ.എൽ.ഡി.സി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ആക്ഷൻ പ്ലാൻ, കൺസപ്റ്റ് നോട്ട് എന്നിവ തയ്യാറാക്കി, ടി പ്രവൃത്തിക്ക് അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം മീറ്റിംഗിലെ തീരുമാന പ്രകാരം നിർദ്ദിഷ്ട ചേലക്കര ബയോ പാർക്കിലെ സ്ഥലം, മരങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വസ്തു വകകളുടെ വിശദമായ സർവ്വേ, ഒരു സർവ്വേ ഏജൻസി മുഖേന കെ.എൽ.ഡി.സി ഉദ്യോഗസ്ഥർ നടത്തിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | അടിസ്ഥാനസൗകര്യ പ്രവൃർത്തികൾ പൂർത്തീകരിച്ച് കേര ബയോ പാർക്ക് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ